THE TIMES OF INDIA

**HLL Lifecare forays into deodorant market**

Date: **15-02-2013 |** Edition: **All Kerala |** Page No: **9 |** Clip size (cm) - W: **6** H: **3.5**

# HLL Lifecare forays into deodorant market

HLL Lifecare Ltd, a maker of contraceptives and ayurvedic products, has forayed into the deodorant market by launching four variants of Moods Deo, targeting consumers in the age group of 18 to 30. The four variants are teeze, fling, vink and 4play, the company, which previously known as Hindustan Latex Ltd, said.

**MATHRUBHUMI**

**'The Scent Of My Man'- Moods Deo Goes On Sale**

Date: **15-02-2013** | Edition: **All Kerala** | Page No: **9** | Clip size (cm) - W: **8** H: **13.5**

# 'ദ സെൻറ് ഓഫ് മൈ മാൻ'– മൂഡ്സ് ഡിയോ വിപണിയിൽ

**തിരുവനന്തപുരം:** കോണ്ടം ബ്രാൻഡായ മൂഡ്സ് പുതിയ ഡിയോഡ്രൻറുകൾ വിപണിയിലെത്തിക്കുന്നു. മൂഡ്സ് എന്നാൽ ഗർഭനിരോധന ഉറകൾ മാത്രമാണെന്ന സങ്കൽപ്പത്തെ മാറ്റിയാണ് അതേ ബ്രാൻഡിൽ പുരുഷന്മാർക്കുള്ളഡിയോഡ്രൻറുകളും എച്ച്. എൽ. എൽ ലൈഫ്കെയർ ലിമിറ്റഡ് വിപണിയിലെത്തിക്കുന്നത്. 900 കോടി രൂപയുടെ ഡിയോഡ്രൻറ് വിപണിയിൽ നാല് വ്യത്യസ്ത ഇനം ഡിയോഡ്രൻറുകളാണ് കേന്ദ്ര പൊതുമേഖലയിലെ ആരോഗ്യ പരിരക്ഷാ സ്ഥാപനമായ എച്ച്.എൽ.എൽ അവതരിപ്പിക്കുന്നത്. ടീസ്, ഫ്ളിംഗ്, വിൻക്, 4 പ്ലേ എന്നിവയാണ് അവ. 18നും 30നും ഇടയിൽ പ്രായമുള്ള നാഗരികരായ പുരുഷന്മാരെയാണ് മൂഡ്സിൻെറ ഉപഭോക്താക്കളായി പ്രതീക്ഷിക്കുന്നത്.

ദിവസം മുഴുവനും സുഗന്ധം പരത്തുന്ന ഈ ഡിയോ ഡ്രൻറുകൾ പ്രശസ്ത സുഗന്ധവസ്തു നിർമാതാക്കൾ ആഗോള പ്രവണതകൾക്കനുസരിച്ച് നിർമിക്കുന്നവയാണെന്ന് എച്ച്.എൽ.എൽ. ലൈഫ്കെയർ ലിമിറ്റഡ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. എം. അയ്യപ്പൻ പറഞ്ഞു. ഗർഭനിരോധന ഉറകളുടെ വിപണിയിൽ നേടിയെടുക്കാനായതുപോലൊരു വിശ്വാസം ഡിയോഡ്രൻറ് വിപണിയിലും മൂഡ്സിന്നു നേടാനാകുമെന്നാണ് വിശ്വസിക്കുന്നതെന്നും മാർക്കറ്റിൽ ഇപ്പോൾ ഏറ്റവും പ്രിയമേറിയ ഡിയോഡ്രൻറുകളോട് മത്സരിക്കാൻ മൂഡ്സിനു കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

MEDIA CONSULTANTS

**KERALAKAUMUDI**

**HLL forays into deo market under the brand name MOODS**

Date: **15-02-2013 |** Edition: **All Kerala |** Page No: **4 |** Clip size (cm) - W: **8** H: **6.5**

# ഇനി മൂഡ്സിന്റെ ഡിയോഡറന്റുകളും

തിരുവനന്തപുരം: ലോകോത്തര കോണ്ടം ബ്രാൻഡായ മൂഡ്സിന്റെ നിർമാതാക്കളായ എച്ച്. എൽ. എൽ ഡിയോഡറന്റുകളുടെ വിപണിയിലേക്കും കടക്കുന്നു. മൂഡ്സ് എന്നാൽ ഗർഭനിരോധന ഉറകൾ മാത്രമാണെന്ന സങ്കൽപ്പത്തെ മാറ്റിമറിച്ചാണ് അതേ ബ്രാൻഡിൽ പുരുഷന്മാർക്കുള്ള നാലു വ്യത്യസ്ത ഇനം ഡിയോഡറന്റുകൾ എച്ച്. എൽ. എൽ ലൈഫ്കെയർ ലിമിറ്റഡ് വിപണിയിലെത്തിക്കുന്നത്.

ടീസ്, ഫ്ലിംഗ്, വിൻക്, 4 പ്ലേ എന്നിവയാണ് അവ. 18നും 30നും ഇടയിൽ പ്രായമുള്ള പുരുഷന്മാരെയാണ് മൂഡ്സിന്റെ ഉപഭോക്താക്കളായി പ്രതീക്ഷിക്കുന്നത്. 'ദ സെന്റ് ഒഫ് മൈ മാൻ' എന്ന ആകർഷകമായ പരസ്യവാചകവുമായി എത്തുന്ന മൂഡ്സ് ഡിയോഡറന്റുകൾ പരിപൂർണമായ ആത്മവിശ്വാസമാണ് വാഗ്ദാനം ചെയ്യുന്നത്. ദിവസം മുഴുവനും സുഗന്ധം പരത്തുന്ന ഈ ഡിയോഡറന്റുകൾ പ്രമുഖ സുഗന്ധവസ്തു നിർമ്മാതാക്കൾ ആഗോള പ്രവണതകൾക്കനുസരിച്ച് നിർമിക്കുന്നവയാണെന്ന് എച്ച്. എൽ. എൽ ലൈഫ്കെയർ ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എം. അയ്യപ്പൻ പറഞ്ഞു. നടപ്പു സാമ്പത്തിക വർഷം മൂഡ്സ് ഡിയോഡറന്റിൽ നിന്നുമാത്രം 4.19 കോടി രൂപയുടെ വിൽപനയാണ് എച്ച്. എൽ. എൽ ലക്ഷ്യമിടുന്നത്.

# ദ സെന്റ് ഓഫ് മൈ മാൻ–മൂഡ്സ് ഡിയോ വിപണിയിൽ

തിരു: ലോകോത്തര കോണ്ടം ബ്രാൻഡായ മൂഡ്സ് പുതിയ ഡിയോഡ്രന്റുകൾ വിപണിയിലെത്തിക്കുന്നു. മൂഡ്സ് എന്നാൽ ഗർഭനിരോധന ഉറകൾ മാത്രമാണെന്ന സങ്കൽപ്പത്തെ മാറ്റിമറിച്ചുകൊണ്ടാണ് അതേ ബ്രാൻഡിൽ പുരുഷന്മാർക്കുള്ള ഡിയോഡ്രന്റുകളും എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡ് വിപണിയിലെത്തിക്കുന്നത്. അനവധി ബ്രാൻഡുകൾ മൽസരിക്കുന്ന വിപണിയിൽ നിലവിലെ സൂപ്പർ ബ്രാൻഡുകളിലൊന്നായ മൂഡ്സിന്റെ പേരിൽ തന്നെ ഡിയോഡ്രന്റും പരിചയപ്പെടുത്തി ഉൽപന്നത്തെ കൂടുതൽ ജനകീയമാക്കുകയാണ് എച്ച്എൽഎല്ലിന്റെ ലക്ഷ്യം. 900 കോടി രൂപയുടെ ഡിയോഡ്രന്റ് വിപണിയിൽ നാല് വ്യത്യസ്ത ഇനം ഡിയോഡ്രന്റുകളാണ് കേന്ദ്ര പൊതുമേഖലയിലെ ആരോഗ്യ പരിരക്ഷാ സ്ഥാപനമായ എച്ച്എൽഎൽ അവതരിപ്പിക്കുന്നത്. ടീസ്, ഫ്ളിംഗ്, വിൻക്, 4 പ്ലേ എന്നിവയാണ് അവ. 18നും 30നും ഇടയിൽ പ്രായമുള്ള നാഗരികരായ പുരുഷന്മാരെയാണ് മൂഡ്സിന്റെ ഉപഭോക്താക്കളായി പ്രതീക്ഷിക്കുന്നത്. ഭദ സെന്റ് ഓഫ് മൈ മാൻ എന്ന ആകർഷകമായ പരസ്യവാചകവുമായി എത്തുന്ന മൂഡ്സ് ഡിയോഡ്രന്റുകൾ വാഗ്ദാനം ചെയ്യുന്നത് പരിപൂർണമായ ആത്മവിശ്വാസമാണ്. നിലവിൽ 350ൽ അധികം ബ്രാൻഡുകളുള്ള ഡിയോഡ്രന്റ് വിപണിയിൽ മുന്നേറാനുതകുന്ന മാർഗങ്ങളുമായാണ് മൂഡ്സ് രംഗപ്രവേശം ചെയ്യുന്നത്. ദിവസം മുഴുവനും സുഗന്ധം പരത്തുന്ന ഈ ഡിയോഡ്രന്റുകൾ പ്രശസ്തരായ സുഗന്ധവസ്തു നിർമ്മാതാക്കൾ ആഗോള പ്രവണതകൾക്കനുസരിച്ച് നിർമ്മിക്കുന്നവയാണെന്ന് എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ.എം.അയ്യപ്പൻ പറഞ്ഞു. ഗർഭനിരോധന ഉറകളുടെ വിപണിയിൽ നേടിയെടുക്കാനായതുപോലൊരു വിശ്വാസം ഡിയോഡ്രന്റ് വിപണിയിലും മൂഡ്സിന്നു നേടാനാകുമെന്നാണ് ഉൽപാദകർ വിശ്വസിക്കുന്നതെന്നും മാർക്കറ്റിൽ ഇപ്പോൾ ഏറ്റവും പ്രിയമേറിയ ഡിയോഡ്രന്റുകളോട് മൽസരിക്കാൻ മൂഡ്സിന്നു കഴിയുമെന്നും ഡോ.അയ്യപ്പൻ പറയുന്നു. രാജ്യത്തെ വിവിധ വിഭാഗങ്ങളായ ഉപഭോക്താക്കൾക്കിടയിൽ നടത്തിയ ഗവേഷണത്തിനനുസരിച്ചാണ് ഈ നാല് വ്യത്യസ്ത ഇനങ്ങളും വികസിപ്പിച്ചിരിക്കുന്നത്. ഡിയോഡ്രന്റുകളുടെ വിപണിയിൽ ഭൂരിഭാഗവും പുരുഷൻമാർക്കുള്ള ഉൽപന്നങ്ങളാണ്. 2010ൽ മുൻവർഷത്തേക്കാൾ 40 ശതമാനം വർധനവുണ്ടായ ഡിയോഡ്രന്റ് വിൽപന അടുത്ത അഞ്ചു വർഷത്തേക്ക് 18 ശതമാനം സിഎജിആർ (കോമ്പൗണ്ട് ആന്വൽ ഗ്രോത്ത് റേറ്റ്) ഉണ്ടാക്കുമെന്നാണ് കരുതുന്നത്. 2011-2012 വർഷത്തിൽ 1112 കോടിയുടെ റെക്കോർഡ് വിൽപന നേടിയ എച്ച്എൽഎൽ ഈ സാമ്പത്തിക വർഷം മൂഡ്സ് ഡിയോഡ്രന്റിൽ നിന്നു മാത്രം 4.19 കോടി രൂപയുടെ വിൽപനയാണ് ലക്ഷ്യം വെക്കുന്നത്. ഒരേയൊരു ഉൽപന്നവുമായി 1966ൽ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് എന്ന പേരിൽ പ്രവർത്തനമാരംഭിച്ച സ്ഥാപനം ഇപ്പോൾ ഗർഭനിരോധന മാർഗങ്ങളുടെ ഉൽപാദകനിരയിൽ ലോകത്തു തന്നെ മുൻപന്തിയിലാണ്. ഇവയ്ക്കൊപ്പം ആശുപത്രി ഉൽപന്നങ്ങൾ, മരുന്നുകൾ, ഡയഗ്നോസ്റ്റിക് കിറ്റ്, ശരീരവൃത്തിക്കുള്ള ആയുർവേദ ഉൽപന്നങ്ങൾ തുടങ്ങിയവയും എച്ച്എൽഎൽ വിപണിയിലെത്തിക്കുന്നുണ്ട്.



ലാറ്റക്സിന്റെ പുതിയ ഉല്പ്പന്നമായ കോണ്ടം ബ്രാൻഡ് മൂഡ്സ് പുതിയ ഡിയോഡ്രന്റുകൾ എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ.എം.അയ്യപ്പൻ വിപണിയിലിറക്കുന്ന ചടങ്ങിൽ